(എഫ്) സ്റ്റോർ പർച്ചേസ് മാന്വലിലെ 34 മുതൽ 45 വരെയുള്ള ഖണ്ഡികകളിലെ നിബന്ധനകൾ പാലിച്ചാണ് സ്റ്റേഷനറി സാധനങ്ങൾ വാങ്ങുന്നത്. ടെണ്ടറിൽ ഓരോ ട്രേഡിംഗ് കമ്പനിക്കാരും ക്വാട്ട് ചെയ്ത തുക എത്രയാണെന്നുള്ള വിവരം അനുബന്ധം II, III, IV-ൽ കൊടുത്തിരിക്കുന്നു*.

(എച്ച്) ബാധകമല്ല.

(ഐ) ബാധകമല്ല.

ഉൾനാടൻ മത്സ്യബന്ധനം മെച്ചപ്പെടുത്തുന്നതിന് നടപടി

22 (*788) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായൽ മലിനീകരണം, വിസ്തൃതിയിലുണ്ടായ കുറവ്, വിവേചനരഹിതമായ മത്സ്യബന്ധനം എന്നീ കാരണങ്ങളാൽ ഉൾനാടൻ മത്സ്യബന്ധനം നേരിടുന്ന വിപത്ത് സർക്കാരിന്റെ ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ ;

(ബി) ഉൾനാടൻ മത്സ്യബന്ധനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മത്സ്യസമ്പത്തിന്റെ അമിത ചൂഷണം, കായൽ ജലസമ്പത്തിന്റെ വിസ്തൃതിയിലുള്ള ശോഷണം, ജലമലിനീകരണം, വിനാശകരമായ മത്സ്യബന്ധന രീതികൾ, കണ്ടൽക്കാടുകളുടെ തിരോധാനം, പരിസ്ഥിതി പ്രശ്നങ്ങൾ, ഏകീകൃത നിയമത്തിന്റെ അഭാവം എന്നിവയാണ് ഉൾനാടൻ മത്സ്യബന്ധന മേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ. ഇവയുടെ പരിഹാരമായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിദഗ്ധോപദേശം കണക്കിലെടുത്ത് മത്സ്യബന്ധനം ക്രമപ്പെടുത്തുന്നതിനും അമിത ചൂഷണം തടയുന്നതിനും ആവശ്യമായ നിയമങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ഏകീകൃത ഉൾനാടൻ മത്സ്യബന്ധന നിയമം എത്രയും പെട്ടെന്ന് ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കേന്ദ്ര ഇലക്ട്രിസിറ്റി ബില്ലിലെ നിർദ്ദേശങ്ങൾ

1 (4609) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഇലക്ട്രിസിറ്റി ബില്ലിലെ നിർദ്ദേശങ്ങൾ സർക്കാർ റിലയിരുത്തുകയുണ്ടായോ ;

(ബി) എങ്കിൽ ഇപ്പോഴത്തെ ഇലക്ട്രിസിറ്റി ബോർഡിന്റെ ഘടന ഏതെല്ലാം നിലയിൽ മാറ്റം വരുത്തേണ്ടതായിട്ടുണ്ട് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) ഘടനയും പ്രവർത്തനവും സംബന്ധിച്ച ബില്ലിലെ വ്യവസ്ഥകൾ വിശദമാക്കാമോ ;

(ഡി) ഉല്പാദന വിതരണ രംഗത്ത് ഇലക്ട്രിസിറ്റി ബോർഡ് ഇപ്പോൾ അനുഭവിച്ചുവരുന്ന എന്തെല്ലാം പ്രത്യേക അവകാശ അധികാരങ്ങൾ ഇല്ലാതാവുമെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച് വിശദ വിവരം നൽകുമോ ?

ഉത്തരം

(എ) കേന്ദ്ര ഇലക്ട്രിസിറ്റി ആക്ട് 10-6-2003 മുതൽ പ്രാബല്യത്തിലായിട്ടുണ്ട്. ടി ആക്ടിനെ സംബന്ധിച്ച് വിശദമായ പഠനം നടന്നുവരുന്നു.

(ബി&സി) ഇലക്ട്രിസിറ്റി ആക്ട് 2003-ലെ സെക്ഷൻ 172 പ്രകാരം സംസ്ഥാന വൈദ്യുതി ബോർഡുകൾക്ക് ട്രാൻസ്മിഷൻ യൂട്ടിലിറ്റിയായും ലൈസൻസിയായും ഒരു വർഷത്തേക്ക് തുടരുവാൻ സാധിക്കും. കൂടാതെ സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും ചേർന്ന് തീരുമാനിക്കുന്ന പക്ഷം ട്രാൻസ്മിഷൻ യൂട്ടിലിറ്റിയായോ അഥവാ ലൈസൻസിയായോ ഒരു വർഷത്തിന് ശേഷവും തുടരുന്നതിന് സംസ്ഥാന വൈദ്യുതി ബോർഡിനെ അനുവദിക്കാൻ സംസ്ഥാന സർക്കാരിന് കഴിയും. സെക്ഷൻ 131 പ്രകാരം സംസ്ഥാന സർക്കാരിന് ഒരു ട്രാൻസ്ഫർ സ്കീം മുഖേന ബോർഡിന്റെ വസ്തുവകകളും അതിൻമേലുള്ള അവകാശങ്ങളും ബാദ്ധ്യതകളും സർക്കാരിൽ നിക്ഷിപ്തമാക്കാവുന്നതും അങ്ങനെ നിക്ഷിപ്തമാക്കുന്ന അവകാശങ്ങളും ബാദ്ധ്യതകളും ഒരു സർക്കാർ കമ്പനിയിലേക്കൊ കമ്പനികളിലേയ്ക്കോ ട്രാൻസ്ഫർ സ്കീമിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം കൈമാറാവുന്നതാണ്. അങ്ങനെ ഉണ്ടാകുന്ന ട്രാൻസ്ഫർ സ്കീമിൽ സബ്സിഡിയറി കമ്പനികളും രൂപീകരിക്കുവാൻ വ്യവസ്ഥ ചെയ്യാവുന്നതുമാണ്. സെക്ഷൻ 14 പ്രകാരം വൈദ്യുതി പ്രസരണം, വിതരണം, വിപണനം എന്നിവയ്ക്ക് ലൈസൻസ് ആവശ്യമാണെങ്കിലും നിലവിലുള്ള ബോർഡിനും ട്രാൻസ്ഫർ സ്കീം മുഖേന രൂപീകൃതമാകുന്ന സർക്കാർ കമ്പനികൾക്കും പുതുതായി ലൈസൻസ് ആവശ്യമില്ല.

(ഡി) മറുപടി അനുബന്ധമായി ചേർക്കുന്നു.*

പത്താം പഞ്ചവത്സര പദ്ധതിയിൽ ഊർജ്ജ മേഖലയ്ക്ക് വകയിരുത്തിയ തുക

2 (4610) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എം. വി. ജയരാജൻ :
ഡോ. തോമസ് ഐസക് :
ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്താം പഞ്ചവത്സര പദ്ധതിയിൽ ഊർജ്ജ മേഖലയ്ക്ക് എന്തു തുക വകയിരുത്തിയിട്ടുണ്ട് ; ലക്ഷ്യങ്ങൾ എന്തൊക്കെയാണ് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly